"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-10-02-2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 'പുല്ലൂർ കശുവണ്ടി വികസന കോർപ്പറേഷൻ' കമ്പനിയിൽ സ്ത്രീ തൊഴിലാളികൾക്ക് ടോയിലറ്റ് കോംപ്ലക്സ്' പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.578/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/02/2021

---

പരാമർശം:- 1. തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.02.2021-ലെ കത്ത്

2 10.02.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.46-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ചിരിക്കുന്ന പ്രോജക്ട് നം.09/21 പ്രകാരം കേരള സംസ്ഥാന കശുവണ്ടി കോർപ്പറേഷന്റെ പുല്ലൂർ ഫാക്ടറിയിലെ സ്ത്രീ തൊഴിലാളികൾക്ക് ടോയിലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ട് ഉപയോഗിക്കാൻ കോഓർഡിനേഷൻ സമിതിയുടെ അംഗീകാരം ലഭ്യമാക്കണമെന്ന പരാമർശം ( 1 ) അപേക്ഷ 10.02.2021-ലെ വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ സമിതി പരിശോധിക്കുകയും പ്രത്യേക അനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2 . മേൽ വിവരിച്ച സാഹചര്യത്തിൽ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയ്ക്ക് കീഴിൽ ആവിഷ്കരിച്ചിരിക്കുന്ന കേരള സംസ്ഥാന കശുവണ്ടി കോർപ്പറേഷന്റെ പുല്ലൂർ ഫാക്ടറിയിലെ സ്ത്രീ തൊഴിലാളികൾക്ക് ടോയിലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിന് ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ട് ഉപയോഗിക്കാൻ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ പി എൻ**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി, ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ

ജില്ലാ പ്ലാനിംഗ് ഓഫീസർ,തൃശ്ശൂർ

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2021.02.25 10:46:46 IST
Reason: Approved
സെക്ഷൻ ഓഫീസർ